II ഇ.ബി. XIV - കേരള നിയമസഭ/XIX-7

## പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2020 മാർച്ച് 13, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

18 (*241) ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസം

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, ഓഖി ദുരന്തത്തിൽ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ (ഓഖി ഫണ്ട്) തുക വിനിയോഗിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ലൈഫ് ജാക്കറ്റുകളും ലൈഫ് ബോയെകളും കാലാവസ്ഥാ

മുന്നറിയിപ്പുകൾക്കായി 'നാവിക്' ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ടെന്നും ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരികയാണെന്നും സഭയെ അറിയിച്ചു. അപകടമുന്നറിയിപ്പ്/കാലാവസ്ഥാ വ്യതിയാനം മുതലായ വിവരങ്ങൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകളിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനവും പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കും മെക്കനൈസ്ഡ് ബോട്ടുകൾക്കും സുരക്ഷയ്ക്കാവശ്യമായ ഉപകരണങ്ങൾ സബ്സിഡിയോടുകൂടി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ടെന്നും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നുകൊണ്ട് മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. മത്സ്യത്തൊഴിലാളികൾക്ക് രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും അതിവേഗം ലഭ്യമാക്കുന്നതിനായി നിർമ്മിക്കുന്ന മൂന്ന് മറൈൻ ആംബുലൻസുകളിൽ ഒരെണ്ണം നീറ്റിലിറക്കിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവ ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കുന്നതാണ്. നീണ്ടകരയിൽ 'ശുചിത്വ സാഗരം' പദ്ധതിയിലൂടെ പ്ലാസ്റ്റിക് സംഭരണം നടത്തുന്നുണ്ടെന്നും അത് ക്രമേണ മറ്റ് ഹാർബറുകളിലേയ്ക്ക് വ്യാപിപ്പിക്കുമെന്നും കോസ്റ്റൽ മാനേജ്മെന്റ്

പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും 12 ഹാർബറുകളിൽ ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റി നിലവിൽ വന്നിട്ടുണ്ടെന്നും 'പുനർഗേഹം' പദ്ധതിക്ക് തുടക്കംകുറിക്കാൻ സാധിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചുകൊണ്ട് പത്താംക്ലാസ് പാസ്സാകാത്ത 40 വയസ്സിൽ താഴെയുള്ള 42 പേർക്ക് മത്സ്യഫെഡിൽ താൽക്കാലിക ജോലി നൽകിയിട്ടുണ്ടെന്നും പത്താം ക്ലാസ് പാസ്സായ 12 പേർക്ക് ആരോഗ്യ വകുപ്പിൽ തൊഴിൽ നൽകുന്നതിനെക്കുറിച്ച് തീരുമാനിച്ചിട്ടുണ്ടെന്നും ചീനവലകൾ സംബന്ധിച്ച് ന്യായമായ തീരുമാനം കൈക്കൊള്ളുമെന്നും പൂന്തുറയിൽ 'ഓഫ് ഷോർ ബ്രേക്ക് വാട്ടർ' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

19 (*242) <u>റോഡ് നിർമ്മാണ പ്രവർത്തനത്തിൽ കണ്ടെത്തിയ അപാകതകൾ</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, കിഫ്ബി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ ചുമതലയിലുള്ള 10 റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സ്റ്റോപ്പ് മെമ്മോ

നൽകി നിർത്തിവയ്ക്കുകയും ചീഫ് എഞ്ചിനിയർ ഉൾപ്പെടെയുള്ളവർ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തി നൽകിയ നിർദ്ദേശാനുസരണം ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിച്ചതിനെത്തുടർന്ന് പാലക്കാടുള്ള എം.ഇ.എസ്. കോളേജ്-പയ്യനാടം റോഡ് ഒഴികെയുള്ള 9 പ്രവൃത്തികൾ പുനരാരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. റോഡുകളിലെ കുഴികളടയ്ക്കുന്നതിന് പ്രായോഗിക സംവിധാനം നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സമയബന്ധിതമായി റോഡ് പണി പൂർത്തിയാക്കാത്ത കോൺട്രാക്ടർമാർക്കും എഞ്ചിനീയർമാർക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്ന കാര്യവും പരിഗണനയിലാണ്. റോഡ് നിർമ്മാണത്തിലെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നിരന്തരം കിഫ്ബിയിൽനിന്നുതന്നെ ട്രെയിനിംഗും മറ്റും നൽകുന്നുണ്ടെന്നും പുതുക്കിയ എഗ്രിമെന്റിലെ നിബന്ധനകൾമൂലം നിലച്ചുപോയ റോഡുപ്രവൃത്തികൾ പുനരാരംഭിക്കുന്ന കാര്യം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും കാൽനട യാത്രക്കാർക്കുണ്ടാകുന്ന അപകടസാധ്യതകൾ മുന്നിൽക്കണ്ടുകൊണ്ട് റോഡ് പുനർനിർമ്മാണവേളയിൽ നടപ്പാതകൾ നിർമ്മിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. കാൽനടയാത്രക്കാർക്കുള്ള സുരക്ഷാക്രമീകരണത്തിന് അർഹമായ പരിഗണന വേണമെന്നുതന്നെയാണ് സർക്കാർ തീരുമാനമെന്ന് ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചു.

20 (*243) തുറമുഖത്തുനിന്ന് വിപണിയിലേയ്ക്ക് എന്ന പദ്ധതി

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് മത്സ്യഫെഡ് മുഖാന്തിരം 41 ഫിഷ് മാർട്ടുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും ഹാർബറിൽനിന്നും മൽസ്യം നേരിട്ട് എത്തിക്കുന്നതിന് തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 5 'അന്തിപ്പച്ച' മൊബൈൽ യൂണിറ്റുകൾ മത്സ്യഫെഡ് മുഖേന പ്രവർത്തിച്ചുവരുന്നുണ്ടെന്നും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി വ്യവസ്ഥാപിതവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത് മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണ പദ്ധതി നടപ്പിലാക്കി വരികയും മത്സ്യ വികസന ബോർഡിന്റെയും കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെ 36 ആധുനിക മത്സ്യമാർക്കറ്റുകൾ പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെയുള്ള മത്സ്യമാർക്കറ്റുകളുടെ നവീകരണ പദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കണ്ണനല്ലൂർ മത്സ്യമാർക്കറ്റ് വികസനത്തിനുള്ള നബാർഡിന്റെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. മത്സ്യഫെഡ് മുഖാന്തിരം അഞ്ചൽ, ഓച്ചിറ, അരൂർ

എന്നീ മാർക്കറ്റുകൾ ആധുനികവൽക്കരിച്ചിട്ടുണ്ടെന്നും മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനായി വിവിധയിനം മൂല്യവർദ്ധിത മത്സ്യോൽപ്പന്നങ്ങൾ 'മത്സ്യഫെഡ് ഈറ്റ്സ്' & 'മത്സ്യഫെഡ് ട്രീറ്റ്സ്' എന്ന പേരിൽ വിൽപ്പന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ചെമ്മീൻ തോടിൽ നിന്നുള്ള കൈറ്റോൺ ഗുളികകൾ മത്സ്യഫെഡ് ഫിഷ്മാർട്ട് വഴി വിപണനം നടത്തി വരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഹാർബറുകളിൽ കൂടുതൽ ഫിഷ് ലാന്റിംഗ് സെന്ററുകൾ ആരംഭിക്കുമെന്നും ഉൾപ്രദേശങ്ങളിൽ മത്സ്യവിപണനത്തിന് കൂടുതൽ മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുന്ന കാര്യം ആലോചനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2588 മുതൽ 2916 വരെയുള്ള ചോദ്യങ്ങളിൽ 138 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)